(ബി) സംസ്ഥാനത്തു നിന്നും 1998-99 അന്യ സംസ്ഥാനങ്ങളിൽ കലാപരിപാടി അവതരിപ്പിക്കാൻ എത്ര സംഘങ്ങളെ അയച്ചിട്ടുണ്ട്;

(സി) എന്തെല്ലാം കലാപരിപാടികൾക്കു വേണ്ടിയാണ് സംഘങ്ങളെ അയച്ചിട്ടുള്ളത്;

(ഡി) ഇത്തരം സംഘങ്ങളിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്;

(ഇ) തിരഞ്ഞെടുക്കപ്പെടുന്ന സംഘാംഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) അന്തർ സംസ്ഥാന സാംസ്കാരിക വിനിമയ പരിപാടി അനുസരിച്ച് പരിപാടികൾ കേന്ദ്ര സംഗീത നാടക അക്കാദമി മുഖേനയാണ് നടപ്പാക്കുന്നത്.

(ബി) 1998-99 ൽ അരുണാചൽ പ്രദേശിലേക്ക് സാംസ്കാരിക സംഘത്തെ അയയ്ക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും അയയ്ക്കുവാൻ സാധിച്ചില്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) അതത് രംഗങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള വ്യക്തികൾ, സംഘടനകൾ എന്നിവയ്ക്കാണ് ഇത്തരം സംഘങ്ങളിൽ അംഗത്വം നൽകുന്നത്.

(ഇ) കേന്ദ്ര സംഗീത നാടക അക്കാദമിയുടെ നിബന്ധന അനുസരിച്ചുള്ള പ്രതിഫലമാണ് നൽകുന്നത്.

17 (*301) ഭൂഗർഭ ജല സർവേ

ശ്രീ. പി.ജെ. ജോയി :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലത്തെപ്പറ്റി എന്തെങ്കിലും സർവേ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(സി) ഇപ്പോൾ സംസ്ഥാനത്തുള്ള ഭൂഗർഭ ജലവിഭവം എത്രമാത്രം വിനിയോഗിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഭൂഗർഭജലവിഭവം ജലസേചനത്തിനു വേണ്ടി എത്രത്തോളം പ്രയോജനപ്പെടുത്തുന്നുണ്ട്;

(ഇ) ഭൂഗർഭജലം ഉപയോഗിക്കുന്ന കാര്യത്തിൽ ഒരു ഗ്രൗണ്ട്‌വാട്ടർ കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ)&(ബി) ഉണ്ട്. കേരളത്തിലെ ഭൂജലസമ്പത്തിനെക്കുറിച്ച് ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും പഠനങ്ങൾ നടത്തിയിട്ടുണ്ട്. ബ്ലോക്ക് അടിസ്ഥാനത്തിൽ ഭൂജലവിഭവത്തെക്കുറിച്ച് പഠനം നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1992-ലെ ഭൂഗർഭ ജല വിഭവകണക്കനുസരിച്ച് 7900 മില്യൻ ക്യൂബിക് മീറ്റർ ഭൂജലം വിനിയോഗത്തിന് ലഭ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ 1992-ലെ സ്ഥിതിവിവരകണക്കുകൾ പ്രകാരം 16.03 ശതമാനത്തിന് താഴെ മാത്രമേ ഭൂജലം ഉപയോഗപ്പെടുത്തിയിട്ടുള്ളു.

(ഡി) 1992-ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് 100622 ഹെക്ടാ മീറ്റർ ഭൂജലം ഉപയോഗിച്ച് 146447.32 ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്തുവാൻ ഉപയോഗിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ഇ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

18 (*T-302) ബാലാദ്ധ്വാന കമ്മീഷൻ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഠിനമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിച്ച് വിദ്യാഭ്യാസം ചെയ്യിക്കാൻ എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ:

(ബി) ഒരു ബാലാദ്ധ്വാനകമ്മീഷൻ രൂപീകരിക്കുന്നതിന് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ:

(സി) എങ്കിൽ ഗവൺമെന്റ് ഈ കാര്യത്തിൽ അനുകൂല തീരുമാനമെടുത്തിട്ടുണ്ടോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്. ബാലവേല നിരോധനം സംബന്ധിച്ച 10-12-1996-ലെ സുപ്രീംകോടതി വിധി ന്യായത്തിലെ നിർദ്ദേശപ്രകാരം 1997 മെയ് മാസത്തിൽ തൊഴിലെടുക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിന് ഒരു സർവേ നടത്തുകയും അപകടകരമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ കണ്ടെത്തുന്ന അവസരത്തിൽ പ്രസ്തുത തൊഴിലുകളിൽ നിന്നും മോചിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിനായി ഓരോ ജില്ലയിലും ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ-കം-വെൽഫെയർ സൊസൈറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അപകടകരമല്ലാത്ത തൊഴിലുകളിൽ, പ്രത്യേകിച്ച് ഹോട്ടലുകളിൽ പണിയെടുക്കുന്ന 14 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകാനായി വിദ്യാഭ്യാസവകുപ്പ് മുഖേന ഒരു പഠന പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സുപ്രീം കോടതി വിധിന്യായത്തിലെ നിർദ്ദേശത്തിനനുസൃതമായി ബാലവേല നിരോധനം നടപ്പിലാക്കുന്നതിനു വേണ്ടി ഒരു 'സ്റ്റേറ്റ് ലേബർ മോണിട്ടറിംഗ് കമ്മിറ്റി' രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ഒരു കമ്മീഷന്റെ ആവശ്യം ഇല്ലെന്ന് ഗവൺമെന്റ് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly